പ്രാചീന സ്മാരകം വേലികെട്ടിതിരിക്കുന്നതിനോ, മറയ്ക്കുന്നതിനോ അഥവാ മറ്റുവിധത്തിൽ സംരക്ഷിക്കുന്നതിനോ ആവശ്യമായി വരത്തക്കവിധം അങ്ങനെയുള്ള സ്മാരക സങ്കേതത്തോട് തൊട്ടടുത്ത് കിടക്കുന്ന ഭൂമിയുടെ ഭാഗവും (IV) പ്രാചീന സ്മാരകത്തിന്റെ അടുത്ത് ചെല്ലുവാനും അത് സൗകര്യപ്രദമായി പരിശോധിക്കുവാനുള്ള മാർഗ്ഗവും ഉൾപ്പെടുന്നതും എന്നാൽ ദേശീയ പ്രാധാന്യമുള്ളതാണെന്ന് പാർലമെന്റ് ഉണ്ടാക്കിയ നിയമം മൂലമോ, നിയമപ്രകാരമോ പ്രഖ്യാപിക്കപ്പെട്ടയാതൊരു പ്രാചീന സ്മാരകമോ, ചരിത്ര സ്മാരകമോ ഉൾപ്പെടാത്തതുമാകുന്നു." മേൽ പറഞ്ഞ തരത്തിലുള്ള സ്മാരകങ്ങളെയാണ് പ്രാചീന സ്മാരകങ്ങളായി സംരക്ഷിച്ചു പോരുന്നത്.

(സി) വാമനപുരം നിയോജക മണ്ഡലത്തിൽ പുരാവസ്തു വകുപ്പ് ഏറ്റെടുത്ത് സംരക്ഷിത സ്മാരകങ്ങളായി നിലനിർത്തിയിട്ടുള്ളവ ഏതൊക്കെയെന്നുള്ള വിശദ വിവരം നൽകാമോ?

വാമനപുരം അസംബ്ലി നിയോജക മണ്ഡലത്തിൽ പുരാവസ്തു വകുപ്പ് ഏറ്റെടുത്ത് സംരക്ഷിച്ച് പോരുന്ന സ്മാരകങ്ങളില്ല.

എറണാകുളം ജില്ലയിലെ വലിയ തമ്പുരാൻ കോവിലകം

367(1113) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക കാര്യ (ബി) വകുപ്പിന്റെ ഉത്തരവ് (സാധാ) നമ്പർ 101/2020 പ്രകാരം എറണാകുളം ജില്ലയിലെ ആലുവാ താലൂക്കിലെ കിഴക്കുംഭാഗം വില്ലേജിലെ വലിയ തമ്പുരാൻ കോവിലകം സംരക്ഷിത സ്മാരകമാക്കുന്നതിനുള്ള അന്തിമ വിജ്ഞാപനത്തിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

എറണാകുളം ജില്ലയിൽ ആലുവ താലൂക്കിലെ കിഴക്കുംഭാഗം വില്ലേജിലുള്ള വലിയ തമ്പുരാൻ കോവിലകം 1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ടിലെ ചട്ടം 4(1) പ്രകാരം പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമാക്കുന്നതിനുവേണ്ടിയുള്ള പ്രാഥമിക വിജ്ഞാപനം 4-3-2020-ലെ സർക്കാർ ഉത്തരവ് സാധാ 101/2020/സാം.കാ.വ പ്രകാരം പുറപ്പെടുവിക്കുകയും കേരള ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. ഇതിന്റെ പകർപ്പ് 1968-ലെ ആക്ടിന്റെ ചട്ടം 4(1) പ്രകാരം സ്മാരകത്തിൽ 25-6-2021-ൽ വില്ലേജ് ഓഫീസർ മുഖാന്തരം പതിച്ചു നടത്തിയിട്ടുണ്ട്. അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരവെ, ഡോ. രാഘവൻ, ശ്രീമതി പൊന്നമ്മ രാഘവൻ എന്നിവർ ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത W.P.(C)

LIBRARY ARCHIVES Kerala Legislative Assembly

No.18433/2021, W.P.(C).No.19497/2021 ഹർജികളിൽ പ്രസ്തുത ഹർജികൾ തീർപ്പാകുന്നതുവരെ തൽസ്ഥിതി തുടരുന്നതിന് ബഹു. കോടതി ഉത്തരവായിട്ടുണ്ട്. ആയതിനാൽ വലിയ തമ്പുരാൻ കോവിലകം സംരക്ഷിത സ്മാരകമാക്കുന്നതിന് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുവാൻ കഴിഞ്ഞിട്ടില്ല.

(ബി) അന്തിമ വിജ്ഞാപനത്തിനുശേഷമുള്ള നിയമാനുസൃത തുടർനടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് വിധേയമായി തുടർപ്രവർത്തനങ്ങൾ ആലോചിക്കുന്നതാണ്.

കലാസമിതികൾക്ക് പ്രത്യേക ഗ്രാന്റ്

368(1114) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗോത്രകലകളെ പ്രോത്സാഹിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ നടത്തുന്ന കലാസമിതികൾക്ക് പ്രത്യേക ഗ്രാന്റ് അനുവദിക്കുന്ന കാര്യം പരിശോധിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

ഗോത്രകലകളെ പ്രോത്സാഹിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ നടത്തുന്ന കലാസമിതികൾ അപേക്ഷകൾ സമർപ്പിക്കുന്ന മുറയ്ക്ക് കലാസമിതികളുടെ പ്രവർത്തനങ്ങൾ പരിശോധിച്ച് അർഹതയുടെ അടിസ്ഥാനത്തിൽ ധനസഹായം അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

പ്രേംനസീർ സ്മാരക നിർമ്മാണം

369(1115) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രേംനസീർ സ്മാരകത്തിന്റെ നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; സ്മാരകനിർമ്മാണം പൂർത്തീകരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

അനശ്വര നടൻ പ്രേംനസീറിന്റെ പേരിൽ ഒരു സ്മാരക മന്ദിരം സ്ഥാപിക്കുന്നതിനായി തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ് താലൂക്കിൽ ശാർക്കര വില്ലേജിലെ റീസർവ്വെ നം. 442/7-ൽപ്പെട്ട ചിറയിൻകീഴ് ശാർക്കര ഗവൺമെന്റ് എൽ.പി. സ്കൂളിന്റെ 26.80 ആർ (66.22 സെന്റ്) ഭൂമി രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾ പ്രകാരം, ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തിക്കൊണ്ട് സാംസ്കാരിക വകുപ്പിന് കൈവശാവകാശം

LIBRARY ARCHIVES Kerala Legislative Assembly